(സി) ഇ.എച്ച്.ടി. വിഭാഗത്തിൽനിന്ന് 25-ഉം, ഹൈടെൻഷൻ/ലോടെൻഷൻ വിഭാഗത്തിൽനിന്ന് 142-ഉം പരാതികൾ ലഭിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് വർദ്ധനമൂലം വ്യവസായങ്ങൾക്കുണ്ടാകുന്ന അധിക ചെലവിനെപ്പറ്റിയുള്ളവയാണ് ഈ പരാതികൾ.

(ഡി) വരുത്തിയ വർദ്ധനയിൽ എച്ച്.ടി./ഇ.എച്ച്.ടി വ്യവസായങ്ങൾക്ക് അഞ്ചു ശതമാനം ഇളവ് നൽകിയിട്ടുണ്ട്. 92-97 കാലഘട്ടത്തെ പവർകട്ട് സമയത്ത് പ്രീ-92 നിരക്ക് അനുഭവിക്കുവാൻ സാധിക്കാതിരുന്ന വ്യവസായങ്ങൾക്ക് 50%-ൽ കൂടുതൽ പവർകട്ട് വന്നിട്ടുള്ള സമയം കണക്കാക്കി അത്രയുംകാലം പ്രീ-92 നിരക്ക് ബാധകമാക്കുവാൻ തീരുമാനമായിട്ടുണ്ട്. ഇതിനു പുറമേ ടി.ഒ.9 മീറ്റർ ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് പ്രോ റാറ്റാ നിരക്ക് ഏർപ്പെടുത്തിയത് താരിഫ് വർദ്ധന ചെലവ് കുറയുവാൻ സഹായകമായിട്ടുണ്ട്. എച്ച്.ടി.ആക്കുവാനുള്ള ലോക്ക് പരിധി 100 കെ.വി.എ.-യിൽ നിന്നും 150 കെ.വി.എ. ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം ഇനി പരിഗണിക്കുവാൻ പ്രയാസമാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (910) ആദിവാസി മേഖലയിലെ പട്ടിണിമരണം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. വി.സി. കബീർ :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി-ഷോളിയൂർ പഞ്ചായത്തിൽ പട്ടിണിമൂലം ആദിവാസികൾ മരിച്ചതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേർ;

(സി) ഇവർ മരണപ്പെട്ടത് തുടർച്ചയായ പട്ടിണിമൂലമോ അതോ ദീർഘകാലമായി ആവശ്യംവേണ്ട ഭക്ഷണത്തിന്റെ ലഭ്യതക്കുറവ് മൂലമുള്ള രോഗങ്ങൾ മൂലമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസി മേഖലകളിൽ പട്ടിണി മരണവും പട്ടിണിജന്യ രോഗങ്ങളും ആവർത്തിക്കാതിരിക്കാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ചില ആദിവാസികൾ പട്ടിണിമൂലം മരിച്ചതായി വിവരം കിട്ടിയതനുസരിച്ച് കൂടുതൽ അന്വേഷണം നടത്തിയപ്പോൾ അവർ മരിച്ചത് പലവിധ രോഗങ്ങൾമൂലവും പ്രായാധിക്യം കാരണവും ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly